ദുഃഖവെള്ളി

മതമർദ്ദനം ഭയന്ന് ജെറുസലെമിലേയ്ക്ക് ഒളിച്ചോടുന്ന പത്രോസിനെപ്പറ്റി ഒരു കഥയുണ്ട്. അദ്ദേഹം ജറുസലേമിലേയ്ക്കുള്ള വഴിയിൽവച്ച് ക്രൂശിതനായ യേശുവിനെ കാണുന്നു. പത്രോസ് ഗുരുവിനോട് **'Quo Vadis'** - ഗുരുവേ നീ എങ്ങോട്ട് ? എന്നു ചോദിക്കുമ്പോൾ നിനക്കുവേണ്ടി വീണ്ടും കുരിശിലേറ്റപ്പെടാൻ ഞാൻ റോമിലേയ്ക്ക് പോവുകയാണ് എന്നതായിരുന്നു പത്രോസിനു കിട്ടിയ മറുപടി.

മരണത്തിനും വാർദ്ധക്യത്തിനും ജരാനരകൾക്കും മറുമരുന്ന് കണ്ടുപിടിക്കാൻ നെട്ടോട്ടമോടുന്ന ഒരു കാലഘട്ടത്തിന്റെ മധ്യേയാണ് നാം ജീവിക്കുന്നത്. വെറുമൊരു ജലദോഷം പോലും നമ്മെ അസ്വസ്ഥപ്പെടുത്തുന്നു. 21-ാം നൂറ്റാണ്ടിൽ ദൈവത്തിന് പുറം തിരിഞ്ഞുനില്ക്കുന്ന ഈ ആധുനിക സമൂഹവും കുരിശുമരണത്തിൽ നിന്ന് രക്ഷപെട്ടോടിയ പത്രോസിന്റെ പ്രതീകമല്ലാതെ മറ്റെന്താണ്? ഇവിടെയാണ് ദുഃഖവെള്ളിയുടെ പ്രസക്തി. ലോകരക്ഷനായി അവതരിച്ച ഈശോ മരിച്ച ദിവസത്തിന് ഒരു മരിച്ച പേര് - **ദുഃഖവെള്ളി**. ഈ പേരുതന്നെ ആ ദിവസത്തെ നമ്മുടെ മനസ്സിൽ ഇരുട്ടുള്ളതാക്കിതീർക്കുന്നു. (എന്നാൽ ഇംഗ്ലീഷിൽ ദുഃഖവെള്ളിയെ വളരെ അർത്ഥവത്തായി വിളിക്കുന്നു **Good Friday**)

വെള്ളി എന്നത് ദുഃഖത്തിന്റെ പ്രതീകം തന്നെ. വെള്ളിയാഴ്ചകളിൽ ശുഭകരമായ കാര്യങ്ങൾ നാം നടത്താറില്ല. നമ്മുടെ കാഴ്ചപ്പാടിൽ വെള്ളി ഒരു മാറ്റിനിർത്തപ്പെട്ട ദിനമാണ്. വെള്ളി എന്നത് മാനുഷിക കാഴ്ചപ്പാടിൽ കുറെ തകർച്ചകളുടെ നീണ്ട നിരയാണ്. കുറെ മനുഷ്യരുടെ ജീവിതങ്ങളിൽ ഇരുട്ടുകയറിയ കഥ...

- ദൈവനിവേശനത്താൽ ദൈവപുത്രൻ ഉദരത്തിൽ ഉരുവായ നിമിഷം മുതൽ അനുഭവിച്ച മനദുഃഖങ്ങളുടെ പൂർത്തീകരണമെന്നോണം മകൻ ദയനീയമായി മരിക്കുന്നത് കണ്ട അമ്മ.
- തങ്ങളുടെ ഗുരു രാജാവാകുമെന്ന് കരുതിയ ശിഷ്യൻമാരുടെ എല്ലാ പ്രതീക്ഷകളും തകർത്തുകൊണ്ട് അവൻ കുറ്റവാളിയായി കുരിശിലേറുന്നതു കണ്ട ശിഷ്യന്മാർ. ഇത് മാനുഷികമായ കാഴ്ചപ്പാട്.

എന്നാൽ കുരിശിന്റെ ചുവട്ടിൽ തളരാത്ത ചിലരുണ്ട്...

- യഹൂദബാലന്മാർ കിടക്കുന്നതിനു മുമ്പ് ചൊല്ലുന്ന സങ്കീർത്തനം 'എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ'. പിന്നീടവർ ശാന്തമായി ഉറങ്ങുന്നു. അതുപോലെ അസാമാന്യമായ ആത്മബലത്തോടെ ഈ സങ്കീർത്തനം ചൊല്ലി തന്റെ പിതാവിന്റെ കരങ്ങളിൽ ശാന്തമായി ജീവനർപ്പിക്കുന്ന ഈശോ.
- തന്റെ ഏകമകൻ ദയനീയമായി മരിക്കുന്നതുകണ്ട് വലിയ മനഃശക്തിയോടെ കുരിശിൻ ചുവട്ടിൽ നിന്ന അമ്മ.
- കൂടെയുള്ള ശിഷ്യൻമാർ ഓടിയൊളിച്ചപ്പോൾ ചങ്കൂറ്റത്തോടെ സ്നേഹത്തിനു പ്രതിഫലം നൽകിയ യോഹന്നാൻ.
- ഈശോ പറഞ്ഞ കാര്യങ്ങളെല്ലാം വിശ്വസിച്ചിരുന്ന കുറെ സ്ത്രീകൾ തളരാതെ അമ്മയോടൊപ്പം കുരിശിൻ ചുവട്ടിൽ.

ഭൂമിയിൽ സഹനങ്ങളില്ലാത്ത ആരാണുള്ളത് ? ദാരിദ്ര്യം, രോഗം, വൈകല്യങ്ങൾ, കള്ളക്കേസ്, മദ്യപാനം, മരണം തുടങ്ങി എല്ലാറ്റിനെയും സഹനങ്ങളാകുന്ന കുരിശുകൾ എന്നു വിശേഷിപ്പിക്കുന്നു നാം. എന്നാൽ ഈ സഹനങ്ങൾ വേദനയുടേതല്ലാതാകുന്ന സന്ദർഭങ്ങളുണ്ട്.

- എന്റെ ഈ വേദന ദൈവം എനിക്കായി മാത്രം അനുവദിച്ചുതരുന്നതാണെന്നു കരുതിയാൽ.
- എന്റെ ദൈവം എനിക്കായി എന്നോടൊപ്പം സഹിക്കുന്നു എന്ന നല്ല കള്ളന്റെ മനോഭാവം ഉണ്ടായാൽ.
- എന്നെ കൂടുതൽ സ്നേഹിക്കുന്നതുകൊണ്ടാണ് എനിക്കു കൂടുതൽ സഹനങ്ങൾ തരുന്നതെന്ന് ചിന്തിക്കാനായാൽ.
- സഹനം എന്നാൽ സഹ അയനം- കൂടെയുള്ള യാത്ര. കുരിശിന്റെ വഴിയിലൂടെ നടന്നു നീങ്ങിയവന്റെ കൂടെയുള്ള യാത്രയാണെന്നുള്ള ബോധ്യം വന്നാൽ.
- സഹനത്തിന്റെ ആഴത്തിനനുസരിച്ച് പ്രതിഫലവും കൂടുതൽ കിട്ടും എന്നു കരുതാനായാൽ നമ്മുടെ വേദനകൾ സഹനങ്ങളല്ലാതാകും

സൂര്യകാന്തിപ്പൂവ് എനിക്കേറെയിഷ്ടമാണ്. സൂര്യകാന്തി എപ്പോഴും വെളിച്ചത്തിന്റെയും ജീവന്റെയും സ്രോതസായ സൂര്യനിലേയ്ക്ക് തിരിഞ്ഞിരിക്കുന്നു എന്നതുതന്നെ കാരണം. നീതി സൂര്യനും നിത്യജീവന്റെ നീർച്ചാലുമായ ക്രിസ്തുവിലേയ്ക്ക് നോക്കി, അവനിലേയ്ക്ക് പ്രയാണം ചെയ്യുന്ന ക്രിസ്ത്യാനിയുടെ ജീവിതവും സഹനങ്ങൾക്കു നടുവിലും ക്രൂശിതനെ നോക്കി ബലം പ്രാപിക്കുന്നതായി മാറണം. തോറ്റു തോറ്റു തുന്നം പാടിയ ഒരു ജീവിതമല്ല അവന്റേത്. പിതൃഹിത നിർവ്വഹണത്തിനുവേണ്ടി വിലകൊടുത്ത ഒരു ജീവിതമാണ്. പച്ചയായ ജീവിത യാഥാർത്ഥ്യങ്ങൾ നമ്മുടെ മനസ്സിനെ മഥിക്കുന്ന - വേദനിപ്പിക്കുന്ന അനുഭവങ്ങളാകുമ്പോൾ ക്രൂശിതനായ ഈശോ നമുക്കു ബലമേകട്ടെ. അങ്ങനെ ദുഃഖവെള്ളി നല്ലവെള്ളിയായി മാറട്ടെ.....

സി. പ്രശാന്തി സി.എം.സി